# വ്യവസായ കേരളം

86

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JUNE 2025


## അഞ്ചൂറ് കോടിയുടെ നിക്ഷേപവുമായി WGH ഹോട്ടൽസ് & റിസോർട്ട്സ്

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഒറീസയിലെ വേൾഡ് ഗ്രൂപ്പ് താൽപര്യം പ്രകടിപ്പിച്ച അഞ്ചൂറ് കോടിയുടെ നിക്ഷേപ താൽപര്യം യാഥാർഥ്യമാകാൻ ഒരുങ്ങുകയാണ്. WGH ഹോട്ടൽസ് & റിസോർട്ട്സിന്റെ നെടുമ്പാശേരിയിലെ പഞ്ചനക്ഷത്ര ഹോട്ടലിന്റെ നിർമാണ പുരോഗതി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ് നേരിട്ട് കണ്ടു വിലയിരുത്തി. ആഗോള ഹോസ്പിറ്റാലിറ്റി ബ്രാൻഡുകൾക്ക് കേരളത്തിലെ വ്യവസായിക അന്തരീക്ഷത്തിലുള്ള ഉറച്ച വിശ്വാസമാണ് വൻകിട പ്രോജക്ടുകളുടെ നിർമ്മാണത്തിലൂടെ കാണാനാവുന്നത്.



രാജ്യത്ത് ഏറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾ കേരളത്തിലാണ്. അതുകൊണ്ട് തന്നെ ഹോസ്പിറ്റാലിറ്റി മേഖലയിൽ കൂടുതൽ മികച്ച അവസരങ്ങൾ കേരളത്തിലെ ചെറുപ്പക്കാർക്ക് ഒരുക്കുന്നതിനായി ഡബ്ല്യുജിഎച് ഗ്രൂപ്പ് പഞ്ചനക്ഷത്ര ഹോട്ടലിനൊപ്പം ഹോസ്പിറ്റാലിറ്റി കോളേജും ആരംഭിക്കാനുള്ള ഒരുക്കത്തിലാണ്.

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയിൽ മുന്നോട്ടുവച്ച WGH കൊച്ചി നെടുമ്പാശേരിയിലെ പദ്ധതിക്ക് മാത്രം 250 കോടി രൂപയാണ് നിക്ഷേപം പ്രതീക്ഷിക്കുന്നത്. 1050 തൊഴിലവസരങ്ങൾ ഇതുവഴി സൃഷ്ടിക്കപ്പെടും. 1.75 ലക്ഷം ചതുരശ്രയടി സ്ഥലമാണ് പുതിയ ഹോട്ടലിനുണ്ടാകുന്നത്. പദ്ധതിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 120 മുറികളും ആറ് ഫുഡ് ആൻഡ് ബീവറേജ് ഔട്ട്‌ലെറ്റുകളും, കോൺഫറൻസ് സംവിധാനങ്ങളും ഉൾപ്പെടുന്നു. രണ്ടരവർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കും.

## 250 കോടി രൂപയുടെ നിക്ഷേപവുമായി എൻഡിആർ വെയർഹൗസിംഗ്

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ വന്ന നിക്ഷേപ താൽപര്യപത്രങ്ങൾ ഓരോന്നായി അതിവേഗം യാഥാർത്ഥ്യമാവുകയാണ്. ഇന്ത്യയിലാകെ മികച്ച ലോജിസ്റ്റിക്സ് സൗകര്യങ്ങൾ ഉറപ്പാക്കുന്ന പ്രമുഖ കമ്പനിയായ എൻഡിആർ വെയർഹൗസിംഗ് ആണ് ആ കൂട്ടത്തിൽ ഏറ്റവും പുതിയത്. 250 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനായി കമ്പനി 16 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. എൻഡിആർ സ്റ്റോർവെൽ വെയർഹൗസിങ് എൽഎൽപി (8 ഏക്കർ), എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ് (8.39 ഏക്കർ) എന്നീ സ്പെഷ്യൽ പർപസ് വെഹിക്കിൾ വഴിയാണ് സ്ഥലം ഏറ്റെടുത്തിരിക്കുന്നത്.



ആലുവയിൽ കമ്പനിയുടെ നിർമ്മാണം ആരംഭിച്ച സ്ഥലം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സന്ദർശിക്കുകയും കമ്പനി അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തു. 250 കോടി രൂപയുടെ നിക്ഷേപമാണ് സെമി - ഫുൾ ഓട്ടോമേറ്റഡ് സംവിധാനങ്ങളുള്ള അത്യാധുനിക സൗകര്യങ്ങളുള്ള സംരംഭത്തിലൂടെ കേരളത്തിലേക്കെത്തുന്നത്. ചരക്കിന്റെയും സ്റ്റോക്കുകളുടെയും ഫലപ്രദമായ വിനിയോഗ ത്തിനായി നൂതനമായ മെക്കാനിക്കൽ സംവിധാനങ്ങൾ ഇവിടെയുണ്ടാകും. പദ്ധതിയിലൂടെ ഇരുന്നൂറോളം തൊഴിലുകളും സൃഷ്ടിക്കപ്പെടും.

ഇൻഡസ്ട്രി ഇനി ഇൻവെസ്റ്റ്

## വിദേശ നിക്ഷേപങ്ങളുടെ സ്വപ്നഭൂമിയായി കേരളം

INVEST KERALA GLOBAL SUMMIT

വിദേശ നിക്ഷേപങ്ങളുടെ സ്വപ്നഭൂമിയായി കേരളം അതിവേഗം മാറുകയാണ്. കേരളത്തിൻറെ സ്വപ്നതുല്യമായ വ്യവസായിക കുതിപ്പിന് ഇന്ധനം പകരുന്ന അംഗീകാരങ്ങളും ഇടമുറിയാതെ നമ്മളെ തേടിയെത്തുകയാണ്. ഒരു വർഷം കൊണ്ട് 100 ശതമാനത്തിലധികം വർധനവ് കൈവരിച്ചുകൊണ്ട് വിദേശ നിക്ഷേപം കടന്നുവരുന്ന കാര്യത്തിൽ രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്നു. ആന്ധ്രാപ്രദേശിനെയും പഞ്ചാബിനെയും രാജസ്ഥാനെയും പോലുള്ള സംസ്ഥാനങ്ങളെ ഉൾപ്പെടെ മറികടന്നുകൊണ്ടാണ് ഈ നേട്ടം എന്നത് കൂടുതൽ അഭിമാനം പകരുന്നതാണ്.

2023 - 24 വർഷത്തിൽ 1633 കോടി രൂപയുടെ വിദേശനിക്ഷേപമാണ് കേരളത്തിലെത്തിയതെങ്കിൽ 2024 - 25 വർഷം 3330 കോടിയുടെ നിക്ഷേപം കടന്നുവന്നു. കഴിഞ്ഞ വർഷം ഇന്ത്യയുടെ 0.5% പോലുമില്ലാതിരുന്ന കേരളം ഇപ്പോൾ 0.80 ശതമാനമായിരിക്കുന്നു. കേവലം 7 സംസ്ഥാനങ്ങൾ മാത്രമാണ് ഒരു ശതമാനത്തിന് മേലെ ഉള്ളതെന്നിരിക്കെ കേരളവും ആ ലിസ്റ്റിലേക്കുള്ള യാത്രയിലാണ്.

### വിദേശ നിക്ഷേപം കടന്നു വരുന്ന കാര്യത്തിൽ രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നായി കേരളം



കേരളത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ ലഭിച്ച നിക്ഷേപവാഗ്ദാനങ്ങൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകൾ കടന്നുവരുന്നു. പുതുതായി ജീനോം സിറ്റി സൃഷ്ടിക്കപ്പെടാൻ പോകുന്നു. ഇനിയും നിക്ഷേപങ്ങളാകർഷിക്കാനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഇവിടെത്തന്നെ കേരളത്തിൽ ഇതിനോടകം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. ഏറ്റവും മികച്ച മാനവ വിഭവം, ഏറ്റവും മികച്ച കണക്റ്റിവിറ്റി, വ്യവസായ സൗഹൃദ അന്തരീക്ഷം, ഇതെല്ലാം കേരളത്തെ ലോകത്തിന്റെ തന്നെ ലക്ഷ്യകേന്ദ്രമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

## വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോയിൽ സന്ദർശക പ്രശംസ ഏറ്റുവാങ്ങി

# കേരള ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

ഫുഡ് & ബിവറെജസ് സർവീസ്, ഹോട്ടൽ, റെസ്റ്റോറന്റ് & കാറ്ററിംഗ് ഇൻഡസ്ട്രി തുടങ്ങി വിവിധ ഭക്ഷ്യ സംസ്കരണ മേഖലകളെ അണിനിരത്തി മുംബൈയിലെ ഇൻക്രെഡിബിൾ ഫെയേഴ്സ് & മീഡിയ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിച്ച വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025, യിൽ ശക്തമായ സാന്നിധ്യമായി കേരള ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ. 2025 ജൂൺ 12 മുതൽ 14 വരെ ബെംഗളൂരുവിലെ പാലസ് ഗ്രൗണ്ടിലെ ത്രിപുര വാസിനിയിൽ സംഘടിപ്പിച്ച എക്സ്പോ കേരളത്തിലെ സ്റ്റാളുകൾ സന്ദർശക പ്രശംസ ഏറ്റുവാങ്ങി.

ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഹോട്ടലുടമകൾ, റെസ്റ്റോറന്റുകൾ, കാറ്ററർമാർ, ബേക്കർമാർ, കഫേകൾ, ഭക്ഷ്യ സേവന കമ്പനികൾ എന്നിവർക്ക് ഇന്ത്യയിലുട നീളമുള്ള ബയേഴ്സുമായി കൂടിക്കാഴ്ച നടത്താനും ബിസിനസ്സ് ഇടപാടുകൾ നടത്താനും മികച്ച അവസരമായിട്ടായിരുന്നു വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025 സംഘടിപ്പിച്ചത്.

വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025-ൽ പ്രദർശിപ്പിക്കുന്നത് ഹോസ്പിറ്റാലിറ്റി, കാറ്ററിംഗ് മേഖലയിലെ ഉടമകളുടെയും ഓപ്പറേറ്റർമാരുടെയും ലക്ഷ്യബോധമുള്ള പ്രേക്ഷകർക്ക് MSME - കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം നൽകുമെന്ന് സംഘാടകർ അറിയിച്ചു.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കെബിപ്പാണ് കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കായി എക്സ്പോയിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കിയത്. കേരളത്തിൽ നിന്നുള്ള








19 ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ എക്സ്പോയിൽ പങ്കെടുത്തു. ലക്ഷ്വറി, ബോട്ടിക്, ഇൻഡിപെൻഡന്റ് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ,കാറ്ററർമാർ, കോർപ്പറേറ്റ് കാന്റീനുകൾ, ഇറക്കുമതിക്കാർ, വിതരണക്കാർ, മൊത്തക്കച്ചവടക്കാർ, ഡീലർമാർ, ഏജന്റുമാർ, കൺസൾട്ടന്റുകൾ, മോഡേൺ ട്രേഡ് കമ്പനികൾ എന്നിവരുൾപ്പെടെ സന്ദർശകരായെത്തിയ എക്സ്പോയിൽ കേരളത്തിലെ MSME - കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാൻ സാധിച്ചതിലൂടെ ബിസിനസ്സ് വിപുലീകരണത്തിനും വിപണിയിലെ ചലനങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു.

## സിഡ്കോയുടെ ആദ്യ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്റർ കോട്ടയം ഏറ്റുമാനൂരിൽ

സിഡ്കോയുടെ ആദ്യത്തെ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്റർ കോട്ടയം ഏറ്റുമാനൂരിലെ വ്യവസായ എസ്റ്റേറ്റിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. 2025 ജൂൺ 9 ന് നടന്ന ചടങ്ങിൽ ബഹു. സഹകരണവകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ മുഖ്യാതിഥിയായിരുന്നു.



ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ സെന്ററിലൂടെ ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം മാർക്കറ്റിങ് വിഭാഗം വഴി ഉറപ്പാക്കും. ലഭ്യമാക്കാൻ സാധിക്കുന്ന മുഴുവൻ അസംസ്കൃത വസ്തുക്കളും ഈ കേന്ദ്രം വഴി സംരംഭകർക്ക് ലഭ്യമാക്കും. വ്യവസായികളുടെ പരാതികൾ പരിഹരിക്കാൻ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിഭാഗത്തിനു കീഴിൽ ഫെസിലിറ്റേഷൻ സെന്ററിൽ ഒരുക്കും.

തുടർച്ചയായി നഷ്ടം രേഖപ്പെടുത്തിക്കൊണ്ടിരുന്ന സിഡ്കോ ഇപ്പോൾ തുടർച്ചയായി ലാഭത്തിലാണ്. പ്രവർത്തനലാഭം ഇരട്ടിയാക്കിയും വിറ്റുവരവ് ഒൻപതു വർഷത്തെ ഏറ്റവും ഉയർന്ന തുകയായ 238 കോടിയിൽ എത്തിച്ചും ചരിത്രനേട്ടമായിരുന്നു വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോ കഴിഞ്ഞ സാമ്പത്തികവർഷം കരസ്ഥമാക്കിയത് . 2.83 കോടി രൂപയുടെ പ്രവർത്തന ലാഭമാണ് 2024 - 25ൽ സിഡ്കോ കൈവരിച്ചത്.

## ലക്ഷ്യം പൊതുമേഖലയെ

# ശക്തിപ്പെടുത്തുക, മത്സരസജ്ജമാക്കുക, ലാഭകരമാക്കുക




സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 5000 കോടി കടന്നത് അഭിമാന നേട്ടമാണെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. വ്യവസായ വകുപ്പിന് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നതിനു വേണ്ടി രൂപീകരിച്ച ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി) ഏർപ്പെടുത്തിയ ബിസിനസ് പ്ലാനും ധാരണപത്രവും ഒപ്പിടുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബഹു. മന്ത്രി. കഴിഞ്ഞ വർഷം തയ്യാറാക്കിയ ബിസിനസ് പ്ലാനും ധാരണപത്രവും അടിസ്ഥാനമാക്കി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സ്ഥാപനങ്ങൾക്ക് സാധിച്ചതായും അടുത്ത വർഷം 6150 കോടി വിറ്റുവരവാണ് ലക്ഷ്യമിടുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.

പൊതുമേഖലയെ ശക്തിപ്പെടുത്തുക, മത്സരസജ്ജമാക്കുക, ലാഭകരമാക്കുക എന്നതാണ് സർക്കാർ നിലപാട്. ഇതിന്റെ ഭാഗമായി റിക്രൂട്ട്മെന്റ് ബോർഡ് അടക്കം നിരവധി മാറ്റങ്ങൾ നടപ്പാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് പൂർണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭം ലക്ഷ്യമാക്കിതന്നെ പ്രവർത്തിക്കണം അനാവശ്യമായ ഒരിടപെടലും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ല.

മികച്ച പ്രവർത്തനം കാഴ്ചവച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള അഭിനന്ദനപത്രങ്ങൾ ബഹു. മന്ത്രി വിതരണം ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. അധ്യക്ഷനായ ചടങ്ങിൽ മൈനിങ് ആൻഡ് ജിയോളജി ഡയറക്ടർ ശ്രീ. ഹരികുമാർ ഐ.എ.എസ്.; ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്.; ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി) ചെയർമാൻ ശ്രീ. കെ. അജിത്കുമാർ തുടങ്ങിയവർ സംബന്ധിച്ചു.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.